HGH INDIA 2018 SM
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
JULY 3-5, 2018 MUMBAI, INDIA

NEWS 1

A TEXZONE Event

Where business feels at home!

# ഏറെ വിശാലതയോടെ, ഏറെ പ്രഭാവപൂർണ്ണമായ 7-ാം എഡിഷൻ



എച്ച്ജിഎച്ച് ഇൻഡ്യ 2017-ലെ ഹാൾ 1-ന്റെ വിഹഗ വീക്ഷണം

എച്ച്ജിഎച്ച് ഇൻഡ്യയുടെ 7-ാമത് വാർഷിക എഡിഷൻ ഇൻഡ്യയിലുടനീളമുള്ള 475 നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള വാണിജ്യ സന്ദർശകരെ സ്വാഗതം ചെയ്യാനായി ഒരുങ്ങിക്കഴിഞ്ഞു.

ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്വെയർ എന്നിവയുടേയും മറ്റ് ഗിഫ്റ്റ് ഉൽപ്പന്നങ്ങളുടെയും ശ്രേണിയിൽ 30-ൽപ്പരം രാജ്യങ്ങളിൽ നിന്നുള്ള 550 ബ്രാൻഡുകളും ഉൽപ്പാദകരും അണിനിരത്തുന്ന നൂതനങ്ങളായ ഇനങ്ങളും പുതിയ കളക്ഷനുകളും കാണുന്നതിനും വിലയിരുത്തുന്നതിനും വാണിജ്യപരവും സ്ഥാപനപരവുമായ അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് കഴിയും. ഇതാദ്യമായി, എച്ച്ജിഎച്ച് മൂന്ന് കൂറ്റൻ ഹാളുകളായി പരന്നു കിടക്കും. ഓരോ ഹാളിലും ഹോം ടെക്സ്റ്റൈൽസ് (ഹാൾ 1), ഹോം ഡെക്കോർ (ഹാൾ 2), ഹൗസ്വെയറും ഗിഫ്റ്റും (ഹാൾ 3) എന്നിങ്ങനെ പ്രത്യേകമായ ശ്രേണിയിലുള്ള ഇനങ്ങളായിരിക്കും പ്രദർശിപ്പിക്കപ്പെടുക.

കിടക്ക വിരികൾ, അലങ്കാര ബെഡ്ഡിംഗുകൾ, തുവർത്ത്, ബാത് ലിനൻ, മെത്ത, ഫർണിഷിംഗ്, കർട്ടനുകൾ, ജനാല മൂടികൾ, ഡെക്കറേറ്റീവ് മെയ്ഡ-അപ്സ്, നിലപ്പായകളും കാർപ്പെറ്റുകളും, വിന്യൽ, തടി ഫ്ലോറിംഗ്, വോൾപേപ്പറുകൾ, കരകൗശല വസ്തുക്കൾ, അലങ്കാര അനുബന്ധയിനങ്ങൾ, പാചക പാത്രങ്ങൾ, പാചക അനുബന്ധ ഇനങ്ങൾ, അടുക്കളയുപകരണങ്ങൾ, തീൻമേശ ഉപകരണങ്ങൾ, ഗ്ലാസ് ഇനങ്ങൾ, അലങ്കാരയിന ഗ്ലാസ്, സംഭരണികൾ, പ്ലാസ്റ്റിക് ഇനങ്ങൾ, പൊതുവായ ഹൗസ്വെയർ പോലെയുള്ള ഉൽപ്പന്ന ശ്രേണികളിൽ ഇൻഡ്യയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള 80 പുതിയ പ്രദർശകർ കൂടി ഇത്തവണ പങ്കു ചേരുന്നു. വാണിജ്യപര സന്ദർശകരെ സംബന്ധിച്ചിടത്തോളം ഇത് പുതിയതും വിശാലവുമായ അവസരങ്ങൾ തുറന്നു നൽകും. ബെർഗ്ഓഫ് (ബൽജിയം), ആർസിആർ (ഇറ്റലി), ഇന്റർഡിസൈൻ (യുഎസ്എ), കോർക്മാസ് (ടർക്കി), ഓങ്കു (ടർക്കി), സ്പെയിസ് ടെക്നോളജീസ് (കൊറിയ), മോണ്ണോ സെറാമിക്സ് (ബംഗ്ലാദേശ്), ആയ്ദിൻ (ടർക്കി), ഡെക്കോർ കാം (ടർക്കി), ലേയ് മിംഗ് (തെയ്വാൻ), ഹാംഗ്സോ ജിഡ (ചൈന), റാക്കോ (ശ്രീലങ്ക) എന്നിവ ചില മുൻ നിര അന്തർദ്ദേശീയ ബ്രാൻഡുകളാണ്. ഇതാദ്യമായി ഇവർ പ്രദർശനത്തിനെത്തുന്നു.

പതിവ് പ്രദർശകരിൽ മുൻനിര ബ്രാൻഡുകളായ ബോംബെ ഡൈയിംഗ്, ട്രൈഡെന്റ്, ഇൻഡോ കൗണ്ട്, അന്നാ സിമോന, ബോറോസിൽ, പെപ്സ്, സ്പ്രിംഗ്ഫിറ്റ്, ഡൈസിറ്റെക്സ്, ജിഎം ഫാബ്രിക്സ്, എഫ് ആൻഡ് എഫ്, കെസി ഫാബ്രിക്സ്, ഡെക്കോ

**ഇപ്പോഴത്തെ ഓൺലൈൻ രജിസ്ട്രേഷൻ പ്രവണത കാണിക്കുന്നത്, എച്ച്ജിഎച്ച് ഇൻഡ്യ 2018-യുടെ വാണിജ്യപര സന്ദർശകരിൽ അധികം വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ്.**

വിൻഡോ, നേച്ചേഴ്സ് മാനിയ, ക്ലേ ക്രാഫ്റ്റ്, ഫ്രീലാൻസ് തുടങ്ങിയവർ വരുന്ന 2018-19 റീട്ടെയ്ൽ സീസണിലേക്കുള്ള അവരുടെ ഏറ്റവും പുതിയ കണ്ടെത്തലുകളും പുതിയ ഉൽപ്പന്ന നിരകളും വിപണിയിൽ അവതരിപ്പിക്കുന്നതിനായി തയ്യാറെടുക്കുകയാണ്.

എച്ച്ജിഎച്ച് ഇൻഡ്യ തുറക്കുന്ന വിശാലമായ ആഭ്യന്തര വിപണി അവസരങ്ങൾ മനസ്സിലാക്കി, എപിസിഎച്ച് (എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാൻഡിക്രാഫ്റ്റ്സ്); എഐഡബ്ല്യുഎ (ഓൾ ഇൻഡ്യാ വാൾപേപ്പേഴ്സ് കവറിംഗ് അസ്സോസ്സിയേഷൻ); എച്ച് എംസിഎം (ഹാൻഡിക്രാഫ്റ്റ് മെഗാ ക്ലസ്റ്റർ മിഷൻ); ഇവിഎസ്ഐഡി (ടർക്കിഷ് ഹൗസ്വെയർ മാനുഫാക്ചർറേഴ്സ് ആൻഡ് എക്സ്പോർട്ടേഴ്സ് അസ്സോസ്സിയേഷൻ); ഗോൾഡൻ സീൽ (തയ്വാൻ); എച്ച്കെടിഡിസി (ഹോംകോംങ് ട്രെയ്ഡ് ഡവലപ്മെന്റ് കൗൺസിൽ); സീജിയാംഗ് ബോർഡ് ഇന്റർനാഷണൽ (ചൈന) എന്നിവർ പോലെയുള്ള മുൻനിര സംഘടനകൾ അവരുടെ അംഗങ്ങളുടെ സമൂഹ പങ്കാളിത്തം ഈ പ്രദർശനത്തിൽ ഉറപ്പു വരുത്തുന്നുണ്ട്.

എച്ച്ജിഎച്ച് ഇൻഡ്യയുടെ ആവിർഭാവം മുതൽ ഫാഷൻ പ്രവണതകളിലെ മാറ്റങ്ങൾ മുൻകൂട്ടിക്കണ്ട് രൂപപ്പെടുത്തപ്പെടുന്ന ഉൽപ്പന്നങ്ങൾ പ്രധാനപ്പെട്ട ഒരു ഘടകമാണ്. #Transition എന്ന വിഭാഗത്തിന് കീഴിൽ ഹാൾ 1-ന്റെ അന്ത്യഭാഗത്തായി വിശാലമാക്കിയിട്ടുള്ള ട്രെൻഡ്സ് പവിലിയനിൽ ഇവ അവതരിപ്പിക്കപ്പെടും. #സോ ഫങ്കി അറ്റ് ഹോം, ×സോഫ്റ്റ് ഷെയ്ഡ്സ് ഓഫ് നേച്ചർ, #കളക്ടേഴ്സ് ചേംബർ, #സ്മാർട്ട് ബൊഹീമിയൻസ് എന്നിങ്ങനെ നാല് ഉപ-വിഭാഗങ്ങളിലായാണ് ഇത്തവണത്തെ ട്രെൻഡുകൾ വിഭജിക്കപ്പെട്ടിരിക്കുന്നത്.


ട്രെൻഡ്സ് പവിലിയനിൽ സന്ദർശകർക്ക് കണ്ടെത്താനാകുന്നത് 2018-19-ന്റെ നിറങ്ങളും ഡിസൈനുകളും നിർമ്മാണ വസ്തുക്കളും സ്റ്റൈലുകളും മാത്രമല്ല, ഫാഷനുകളിലെ വരാനിരിക്കുന്ന പ്രവണതകളുടെ അടിസ്ഥാനത്തിലുള്ള യഥാർത്ഥ ഉൽപ്പന്നങ്ങളുടെ ഒരു പ്രദർശന ശ്രേണിയും കൂടിയാണ്. എച്ച്ജിഎച്ച് 2018-ലെ പവലിയനിൽ വ്യത്യസ്ത പ്രദർശകരുടെ സ്റ്റോറുകളിൽ നിന്ന് സന്ദർശകർക്ക് അവ പിന്നീട് ലഭ്യമാക്കാവുന്നതാണ്.

നന്നായി സ്വീകൃതരായ റീട്ടെയ്ലർമാരും ഹോൾസെയിലർമാരും വിതരണക്കാരും ഇറക്കുമതിക്കാരും സ്ഥാപനാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നവരും ഡിസൈനർമാരും ഉൾപ്പെടുന്ന ഫലപ്രദമായ ഒരു മാദ്ധ്യമം എന്ന നിലയിൽ, എച്ച്ജിഎച്ച് ഇൻഡ്യ 2018 സന്ദർശകരുടെ നിതാന്ത ശ്രദ്ധ ഒരിക്കൽക്കൂടി ഏറെ പിടിച്ചു പറ്റിക്കഴിഞ്ഞിരിക്കുന്നു. സന്ദർശകരുടെ മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ ഇപ്പോൾത്തന്നെ എന്നത്തേക്കാളുംഏറ്റവുമധികം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ജൂൺ 15 വരെ രജിസ്ട്രേഷൻ നടക്കും. കഴിഞ്ഞ വർഷം ഈ പ്രദർശനം 30,700 പേർ സന്ദർശിച്ചതിൽ നിന്നും, എച്ച്ജിഎച്ച് ഇൻഡ്യ 2018-ലെ വാണിജ്യാടിസ്ഥാന സന്ദർശകരുടെ എണ്ണം ഏറെ ഉയരുമെന്നാണ് ഇപ്പോഴത്തെ പ്രവണത അനുസരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്.


**ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്‌വെയർ, ഗിഫ്റ്റുകൾ എന്നിവയുടെ ഒരു വിഹഗ വീക്ഷണം നൽകുന്നു**

# വർഷങ്ങൾ പിന്നിടുമ്പോൾ സുസ്ഥിര വളർച്ച


പ്രദർശകരിലുണ്ടായ വളർച്ച





സന്ദർശകരിലുണ്ടായ വളർച്ച




സന്ദർശകർ (ബിസിനസ് പ്രൊഫൈൽ)




സന്ദർശകർ (ജോലിയുടെ പ്രൊഫൈൽ)




മികച്ച ഒരു വാണിജ്യ പ്രദർശനം പ്രദാനം ചെയ്യുന്നത് ഉയർന്നു വരുന്ന അവസരങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും വിപണിയിലെ ബിസിനസ് പ്രവണതകളുടെയും മികച്ച പ്രതിഫലനമാണ്. ഈ യാഥാർത്ഥ്യം മുൻ നിർത്തി, പ്രൊഫഷണൽ സന്ദർശകർക്കും പ്രദർശകർക്കും ഒരേ പോലെ ഒരിക്കലും നിലയ്ക്കാത്ത ആവേശം പകർന്നു കൊണ്ട്, ഇൻഡ്യൻ വിപണിയെ സംബന്ധിച്ചിടത്തോളം ഓരോ വർഷം പിന്നിടുന്തോറും എച്ച്ജിഎച്ച് ഇൻഡ്യ വിജയകരമായ ഒരു വാണിജ്യ പ്രദർശനമായി പരിണമിച്ചിരിക്കുന്നു.

കേൾവി കേട്ട ആറ് വാർഷിക എഡിഷനുകൾ പിന്നിട്ടു വന്ന എച്ച്ജിഎച്ച് ഇൻഡ്യ, ഈ ശ്രേണിയിൽ ഇൻഡ്യയിലെ മുൻനിര വാണിജ്യ പ്രദർശനമെന്ന അതിന്റെ സ്ഥാനം അരക്കിട്ടുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇൻഡ്യൻ റീട്ടെയ്‌ലർമാർ, വിതരണക്കാർ, വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നവർ, ഇന്റീരിയർ ഡിസൈനർമാർ തുടങ്ങിയവരുമായി പ്രദർശകരെ ബന്ധിപ്പിക്കുന്നതിന് പ്രത്യേകമായി രൂപരേഖ നൽകിയിട്ടുള്ള പുത്തൻ പ്രവണതകൾക്ക് തുടക്കം കുറിച്ച പ്രൊഫഷണൽ ആയ ഒരു വാണിജ്യ പ്രദർശനമാണ് അത്. ഇൻഡ്യൻ വിപണിയ്ക്കായി, ഹോം ശ്രേണിയിൽ ബിസിനസ് ചെയ്യുന്നതിനുള്ള എച്ച്ജിഎച്ച് ഇൻഡ്യയുടെ ഉപയോഗപരത, വർദ്ധിച്ചു വരുന്ന എണ്ണത്തിലുള്ള പ്രദർശകരും വാണിജ്യാടിസ്ഥാന സന്ദർശകരും തെളിയിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന്, ഹോം ഉൽപ്പന്നങ്ങൾക്കായി ഇൻഡ്യൻ ആഭ്യന്തര വിപണി തുറക്കുന്നതിലും വിശാലമാക്കുന്നതിലും എച്ച്ജിഎച്ച് ഇൻഡ്യയുടെ പങ്ക്, ഇൻഡ്യയിലേയും വിദേശയത്തേയും പ്രമുഖ കമ്പനികൾ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു.

വീട്ടുപയോഗങ്ങൾക്കായുള്ള ഉൽപ്പന്നങ്ങളുടെ എല്ലാ വിഭാഗങ്ങളിലും - ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്‌വെയർ, ഗിഫ്റ്റ് എന്നിവയിലെ - എച്ച്ജിഎച്ച് ഇൻഡ്യയുടെ വളരുന്ന ജനപ്രീതി, ഈ വാണിജ്യ പ്രദർശനത്തിലെ പ്രദർശകരുടേയും സന്ദർശകരുടേയും എണ്ണത്തിലെ വർദ്ധനവിന്റെ തെളിവാണ്.

എച്ച്ജിഎച്ച് ഇൻഡ്യയിൽ പ്രദർശകരായെത്തുന്നവരുടെ സംഖ്യ 2012-ൽ 140 ആയിരുന്നത് 350% വർദ്ധനവോടെ 2017-ൽ 500 ആയി വർദ്ധിക്കുകയുണ്ടായി. സമാനമായി, സന്ദർശകരുടെ സംഖ്യ 2012-ൽ 6,140 ആയിരുന്നത് ഏതാണ്ട് 500% വർദ്ധനവോടെ 2017-ൽ 30,700 ആയി വർദ്ധിക്കുകയുണ്ടായി. റീട്ടെയ്‌ലർമാർ, മൊത്തക്കച്ചവടക്കാർ, വിതരണക്കാർ, ഡിസ്ട്രിബ്യൂട്ടർമാർ, ഇറക്കുമതിക്കാർ, സ്ഥാപനതലത്തിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നവർ എന്നിവർ ഉൾപ്പടെ, വ്യാപാരത്തിനായി ഉയർന്ന സാദ്ധ്യതകളുള്ള, ഇൻഡ്യയിലെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നവരെ ബ്രാൻഡുകളും ഉത്പാദകരുമായി എച്ച്ജിഎച്ച് ഇൻഡ്യ പരസ്പരം ബന്ധിപ്പിക്കുന്നു.

എല്ലാ ഉൽപന്ന ശ്രേണികളിലുടനീളമുള്ള പ്രദർശകർ, മികച്ച ബിസിനസ് ഫലങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്തർദ്ദേശീയ തലത്തിലേയും ഇൻഡ്യയിലേയും പ്രദർശകർക്ക്, തങ്ങളുടെ ഇൻഡ്യൻ വിപണയിലെ സാന്നിദ്ധ്യത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് മതിയായ വിധത്തിൽ, തങ്ങളുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നിന് സാദ്ധ്യതകളുള്ളവരേയും ദീർഘകാലത്തേക്ക് പങ്കാളികളായിത്തീരുന്നവരേയും കണ്ടെത്തുന്നതിന് സാധിക്കുന്നു. 80% പ്രദർശകരും 90% സന്ദർശകരും എച്ച്ജിഎച്ച് ഇൻഡ്യയിലേക്ക് ഓരോ വർഷവും മടങ്ങി വരുന്നുവെന്ന വസ്തുത പ്രതിഫലിപ്പിക്കുന്നത്, വാങ്ങുന്നവരുടേയും വിൽക്കുന്നവരുടേയും അതിലെ പ്രാധാന്യമാണ്.

# ഉയർന്ന വിപണന ലക്ഷ്യങ്ങൾ വെച്ചു പുലർത്തുന്ന ഇൻഡ്യൻ വിപണിയെ പരസ്പരം ബന്ധിപ്പിക്കുന്നു.

1.3 ബില്യൻ ജനസംഖ്യയുള്ള ഇൻഡ്യയിൽ 65%-ത്തിലേറെയുള്ളത്, അഭ്യസ്തവിദ്യരും നാഗരികരും യാത്രകളിലൂടെയും മാദ്ധ്യമങ്ങളിലൂടെയും അന്തർദ്ദേശീയ നിലവാരത്തിലുള്ള ജീവിത ശൈലിയുമായി നന്നായി പരിചരമുള്ളവരുമായ 30 വയസ്സിന് താഴെയുള്ളവരാണ്. സമ്പദ് വ്യവസ്ഥയാകട്ടെ പ്രതി വർഷം 7% നിരക്കിൽ സുസ്ഥിരമായി വളരുകയുമാണ്. ജനസംഖ്യയുടെ ഒരു വലിയ വിഭാഗമാളുകൾ ഉയർന്ന നിലവാരത്തിൽ ചലനാത്മകവും മികച്ചതുമായ ജീവിത നിലവാരം ആഗ്രഹിക്കുന്നവരുമാണ്. ജീവിത ശൈലീ ഉൽപ്പന്നങ്ങൾക്കുള്ള ഉയർന്ന ആവശ്യകതയാണ് ഇതിന്റെ സ്വാഭാവികമായ ഒരു പരിണിതഫലം.

എച്ച്ജിഎച്ച് ഇൻഡ്യയുടെ ഓരോ അടുത്ത എഡിഷനും ഇൻഡ്യയിലെ ഉപഭോക്താക്കളുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള പ്രവണതയെ പ്രതിഫലിപ്പിക്കുന്നു. വിദ്യാഭ്യാസ സമ്പന്നരും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക ശേഷിയുള്ളവരുമായ യുവത്വം മുൻഗണന നൽകുന്ന സമകാലികവും നൂതനങ്ങളുമായ ജീവിത ശൈലീപര ഉൽപ്പന്നങ്ങൾക്കായി റീട്ടെയ്‌ലർമാർ ആവശ്യകതയുന്നയിക്കുന്നു. വില കുറഞ്ഞതും വിലയുടെ അടിസ്ഥാനത്തിൽ പ്രചാരമേറുന്നതുമായ ഉൽപ്പന്നങ്ങൾക്ക് മുകളിൽ, മേൽത്തരവും ബ്രാൻഡുകളുടെ പേരിലുള്ളതുമായ ഉൽപ്പന്നങ്ങൾക്കായുള്ള ആവശ്യമേറുകയാണ്. അത്യുത്തമ മേൻമയുള്ള ടേബിൾവെയർ, ഗ്ലാസ്‌വെയർ, കുക്ക്‌വെയർ, സംഭരണത്തിനായുള്ള ഇനങ്ങൾ, ഹോം ഡെക്കോർ ഇനങ്ങൾ, വോൾപേപ്പറുകൾ, ഫർണിഷിംഗ് ഉൽപ്പന്നങ്ങൾ, ഹോം ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങൾ തുടങ്ങിയവയ്ക്ക് മികച്ച പ്രതികരണം ലഭിച്ചു കൊണ്ടിരിക്കുന്നു.

എല്ലാ ശ്രേണികളിലുമുള്ള അറിയപ്പെടുന്ന ഇൻഡ്യൻ ബ്രാൻഡുകൾ, ഇന്ത്യയിലുടനീളമുള്ള അവരുടെ ഡീലർമാരുമായി കൂടിക്കാണുകയും ബിസിനസ് നടത്തുകയും ചെയ്യുന്നു. തങ്ങളുടെ പ്രാതിനിധ്യമില്ലാത്ത സ്ഥലങ്ങളിൽ, പുതിയ ഡീലർമാരെയും വിതരണക്കാരെയും സൃഷ്ടിക്കുന്നതിനും ഈ പ്രദർശനം അവസരമൊരുക്കുന്നു. അന്തർദ്ദേശീയ പ്രദർശകർ, മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വിതരണക്കാരുമായും ഒപ്പം പുതിയതായി വിതരണക്കാരായിത്തീരുന്നതിന് ആഗ്രഹിക്കുന്നവരുമായും ബ്രാൻഡ് പ്രതിനിധികളുമായും ബന്ധം സ്ഥാപിക്കുകയും ഇൻഡ്യയിൽ അവരുടെ വിപണി സാന്നിദ്ധ്യം വിശാലമാക്കിത്തീർക്കുന്നതിന് അവരെ സഹായിക്കുകയും ചെയ്യുന്നു.

കൃത്യമായ അളവ് രേഖപ്പെടുത്തുന്നതിന് വിഷമകരമാണെങ്കിലും, റീട്ടെയ്‌ലർമാർ അവരുടെ പതിവ് സപ്ലൈർമാർക്ക് വൻ തോതിലുള്ള ഓർഡർ പ്രദർശന സ്ഥലത്തു വച്ചു തന്നെ നൽകുന്നു. സുസംഘടിത റീട്ടെയ്ൽ ശൃംഖലകളിൽ നിന്നും പ്രശസ്തമായ സ്പെഷ്യാലിറ്റി സ്റ്റോറുകളിൽ നിന്നും ട്രയൽ ഓർഡർ ലഭിക്കുന്നുണ്ടെന്നും മിക്ക പ്രദർശകരും റിപ്പോർട്ട് ചെയ്യുന്നുണ്ട്. പുതിയ സ്റ്റോറുകൾ തുറക്കുന്ന സംരംഭകർക്ക്, അവരുടെ മെർച്ചൻഡൈസ് പ്ലാനിംഗ്, സോർസിംഗ് തുടങ്ങിയവ നടത്തുന്നതിന് സൗകര്യപ്രദമായ ഒരു ഫോറമായി എച്ച്ജിഎച്ച് സൗകര്യപ്രദമായ ഒരു വേദിയായി പരിഗണിക്കുന്നു.

ആദ്യമായി പ്രദർശനത്തിനെത്തുന്ന പ്രദർശകർക്ക്, ദേശീയ തലത്തിൽ ഉടനടി വിപണി ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നുവെന്നതാണ് എടുത്തു പറയേണ്ട മറ്റൊരു പ്രത്യേകത. പുതിയ ഡിസൈനുകളും ഉൽപ്പന്ന നൂതനത്വങ്ങളും ഉൽപ്പന്ന ആശയങ്ങളും എച്ച്ജിഎച്ച് ഇൻഡ്യയുടെ ബിസിനസ് അന്തരീക്ഷത്തിൽ വിശാലമായ രീതിയിൽ തന്നെ ചർച്ച ചെയ്യപ്പെടുകയും വിശകലനം ചെയ്യപ്പെടുകയും ചെയ്യുന്നു.


നൂതനത്വം അഭിലഷിക്കുന്ന ഇൻഡ്യൻ യുവത്വം ബ്രാൻഡഡ് ആയ ജീവിത ശൈലീ ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകുന്നു

**എച്ച്ജിഎച്ച് ഇൻഡ്യ:2018  550 ബ്രാൻഡുകളിൽ നിന്നും ഉത്പാദകരിൽ നിന്നും ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കാം**

# 30 രാജ്യങ്ങളിൽ നിന്നുള്ള ബ്രാൻഡുകളുമായി കൂടിക്കാണാം

എച്ച്ജിഎച്ച് ഇൻഡ്യ 2018-ൽ സന്ദർശകർക്ക് 30 രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വിലയിരുത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനും അവസരമൊരുങ്ങുന്നു. പ്രദർശനത്തിലുള്ള 35%-ത്തോളം ഉൽപ്പന്നങ്ങൾ അന്തർദ്ദേശീയ ബ്രാൻഡുകളുടേയും നിർമ്മാതാക്കളുടേതുമാണ്. അവർ നേരിട്ടോ തങ്ങളുടെ ബിസിനസ് പങ്കാളികളിൽക്കൂടിയോ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. ഇൻഡ്യയ്ക്ക് പുറമേ 29 രാജ്യങ്ങളിൽ നിന്ന് 185 ബ്രാൻഡുകൾ പ്രദർശിപ്പിക്കപ്പെടും. 315 ഇൻഡ്യൻ ബ്രാൻഡുകളും ഉൽപ്പാദകരും അവരുടെ ഏറ്റവും പുതിയ ഉൽപ്പന്ന ശ്രേണികൾ പ്രദർശനത്തിനെത്തിക്കും.


മോണ്ണോ സെറാമിക്സ്


സ്പെയിസ് കമ്പനി ലിമിറ്റഡ്


ആയ്ദിൻ ഓർമി


ഐഎഫ്ഐ ഡിസൈൻസ്


ഡികെഡബ്ലിയു കമ്പനി ലിമിറ്റഡ്


ആർസിആർ ക്രിസ്റ്റൽവെയർ


ബെർഗ്ഓഫ്

ഉൽപ്പന്നങ്ങൾ നേരിട്ട് പ്രദർശനത്തിനെത്തിക്കുന്ന മുൻനിര അന്തർദ്ദേശീയ ബ്രാൻഡുകൾ ഇനിപ്പറയുന്നു: കുക്ക്വെയർ, കിച്ചൺവെയർ, ടേബിൾവെയർ എന്നിവയുമായി ബെർഗ്ഓഫ് (ബൽജിയം); ക്രിസ്റ്റൽ ഗ്ലാസ് ടേബിൾവെയറുമായി ആർസിആർ ക്രിസ്റ്റൽവെയർ (ഇറ്റലി), ഡിന്നർവെയറുമായി കോറെല്ലി (യുഎസ്എ), സ്റ്റോറേജ്, ബാത്റൂം അക്സെസറികൾ എന്നിവയുമായി ഇന്റർഡിസൈൻ (യുഎസ്എ); പ്ലാസ്റ്റിക് കിച്ചൺവെയർ, ടേബിൾവെയർ, ഹൗസ്വെയർ എന്നിവയുമായി ഡികെഡബ്ലിയു (തായ്ലാൻഡ്), റോബോട്ടിക് ക്ലീനറുമായി ഫ്രിഗോണ്ടസ് (കൊറിയ); ഫർണിഷിംഗ് ഫാബ്രിക്സുമായി ഐഎഫ്ഐ (ഗ്രീസ്); കുക്ക്വെയർ, കിച്ചൺവെയർ, ടേബിൾവെയർ എന്നിവയുമായി കോർക്മാസ് (ടർക്കി).

ടർക്കിയിലെ പ്രമുഖരായ ഒട്ടേറെ ഉത്പാദകർ ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്വെയർ എന്നിങ്ങനെ വിശാല ശ്രേണിയിലുള്ള ഉൽപ്പന്നങ്ങൾ പ്രദർശനത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഇതിൽ കർട്ടൻ ഫാബ്രിക്സു, ഷീറ്റുകൾ, എംബ്രോയ്ഡറി, ലേസ് കർട്ടനുകൾ എന്നിവയുമായി ആയ്ഡിൻ; ടേബിൾ ലിനൻ, വാൾപേപ്പറുകൾ എന്നിവയുമായി ഓങ്കു ഗ്രൂപ്പ്; ഡെക്കറ്റീവ് ഗ്ലാസ്വെയറുമായി ഡെക്കോർ കാം; പ്ലാസ്റ്റിക് ഹൗസ്വെയറുമായി ടിറ്റിയാസ്, ഉഗുറുളാർ, ലൂക്ക്സ് പ്ലാസ്റ്റിക്സ്, മിസ് കളക്ഷൻ, സോൾമേസർ, റെൻഗ എന്നിവരും അയണിംഗ് ബോർഡുകൾ, ക്ലോത് ഡ്രയറുകൾ എന്നിവയുമായി ഡോഗ്രൂളർ എന്നിവർ ഉൾപ്പെടുന്നു.

ഇതിന് പുറമേ, പ്രശസ്തരായ മറ്റ് നിരവധി അന്തർദ്ദേശീയ നിർമ്മാതാക്കളും വിശാല ശ്രേണിയിലുള്ള തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശനത്തിനെത്തിക്കുന്നുണ്ട്.

സെറാമിക് ആൻഡ് പോർസ്ലെയ്ൻ ഡിന്നർവെയർ, ടേബിൾവെയർ എന്നിവയുമായി മോണ്ണോ സെറാമിക്സ് (ബംഗ്ലാദേശ്); ബ്ലിൻഡ്സുമായി സ്പെയിസ് ടെക്നോളജീസ് (കൊറിയ); പ്ലാസ്റ്റിക് ഷൂ ബോക്സുകളുമായും ചെറിയ വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സംഭരണപ്പെട്ടികളും ഓർഗനൈസറുകളുമായും നാം ഗായ് (തായ്ലാൻഡ്); പിവിസി വോൾപേപ്പറുകളുമായി ഷീജിംഗ് ലുലിയൻ ഡെക്കറേഷൻ മെറ്റീരിയൽ കമ്പനി (ചൈന); കിച്ചൺ സ്റ്റോറേജ്, ഫുഡ് പ്രോസ്സസ്സർ, കിച്ചൺ ഗ്രേറ്റർ എന്നിവയുമായി ഷുവംഗ്മ പ്ലാസ്റ്റിക് മാനുഫാക്ചറിംഗ് ഇൻക്. (ചൈന); ഫർണിച്ചറിനും ഫർണിഷിംഗിനുമായുള്ള സിന്തറ്റിക് ലെതറുമായി ഹാംഗ്സു ജിഡ ന്യൂ മെറ്റീരിയൽസ് ടെക്നോളജി കമ്പനി (ചൈന); ഷിജിയാസുംഗ് ബേസിക്, ഡിസൈനർ, സുഗന്ധ മെഴുകുതിരികളുമായി ഹുമിംഗ്ലയെ കമ്പനി (ചൈന); അക്രിലിക് സ്റ്റോറേജ് ആൻഡ് ജാർസുമായി ച്യാംഗ് എന്റർപ്രൈസ് (തായ്വാൻ); നട്ട് ക്രാക്കർ, സ്പൈസ് ഗ്രൈൻഡർ, സംഭരണികൾ, ജാറുകൾ എന്നിവയുമായി കുവോ യു പ്ലാസ്റ്റിക് എന്റർപ്രൈസ് കമ്പനി (തായ്വാൻ); റാക്കുകൾ, ക്ലോസെറ്റുകൾ, ഷൂ റാക്കുകൾ, ഹാംഗറുകൾ, വിവിധോപയോഗ ട്രോളി എന്നിവയുമായി ലേമിംഗ് ഇൻഡസ്ട്രിയൽ കമ്പനി (തായ്വാൻ); ഡെക്കറേറ്റീവ് ആർട്സ്, മെറ്റൽ, റൊട്ടേറ്റിംഗ് ഗ്ലോബുകളും പ്രത്യേകമായി രൂപകൽപ്പന നടത്തിയിട്ടുള്ള ഗിഫ്റ്റ് ഇനങ്ങൾ എന്നിവയുമായി മോവ ഇന്റർനാഷണൽ തുടങ്ങിയവ ഈ പ്രശസ്ത സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നു.

നിരവധി അന്തർദ്ദേശീയ ബ്രാൻഡുകൾ ഇതിനോടകം തന്നെ  തങ്ങളുടെ ഉൽപ്പന്നങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യുകയും വിതരണം നടത്തുകയും ചെയ്യുന്ന ഇൻഡ്യൻ പങ്കാളികളെ കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. നാഷ്മാൻ (ജർമ്മനി), നോറിടേക്ക് (ജപ്പാൻ), ഫോറസ്റ്റ് (നെതർലാൻസ്), ബെർഗ്നെർ (ഓസ്ട്രിയ), കേർവർ (ലക്സംബർഗ്), ബോർഗോണോവോ (ഇറ്റലി), ബോർമിയോളി റോക്കോ (ഇറ്റലി), ട്രൂഡിയോ (ക്യാനഡ), കിനെർ (യുകെ) സിമ്മർ + റോഡെ (ജർമ്മനി) എന്നിവരാണ് ഇവരിൽ പ്രമുഖർ.

# ടർക്കിയും വിശാല ശ്രേണിയിലുള്ള ഉൽപ്പന്നങ്ങൾ അണി നിരത്തുന്നു


ഡെക്കോർ കാം


ടിറ്റിസ് പ്ലാസ്റ്റിക്


കോർക്മാസ്


സോൾമേസർ


ലൂക്ക്സ് പ്ലാസ്റ്റിക്സ്


അയ്ഡിൻ ഓർമി


ഡോഗ്രൂളർ


ഓങ്കു ഗ്രൂപ്പ്

വിശ്വാസ്യതയുള്ളതും സുസ്ഥിരമായ ഉയർന്ന ഗുണമേൻമയുള്ളതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ലോകമെമ്പാടും പ്രശസ്തിയാർജ്ജിച്ചിട്ടുള്ള രാജ്യമാണ് ടർക്കി. ഈ രാജ്യത്തു നിന്നുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമായവയിൽ ഏറ്റവും കുറഞ്ഞ വിലയുള്ളതായേക്കില്ലെങ്കിൽ- ക്കൂടിയും, അവയുടെ ഉയർന്ന ഗുണമേൻമയും നൂതന രൂപഭംഗിയും നൽകുന്ന വിലയ്ക്ക് നൽകുന്ന മൂല്യവും ഇൻഡ്യയിലെ ഇറക്കുമതിക്കാർ തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യൻ ഉപയോക്താക്കൾക്കിടയിൽ ടർക്കിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ കൂടുതൽ കൂടുതൽ പ്രിയതരമായിക്കൊണ്ടിരിക്കുന്നതിൽ അത്ഭുതമില്ല.

ഹാൾ 3-ൽ ടർക്കിയിൽ നിന്നുള്ള ഹൗസ്വെയർ ഉൽപ്പന്നങ്ങളും ഹാൾ 2-ൽ ഹോം ഡെക്കോർ ഉൽപ്പന്നങ്ങളുമാണ് പ്രദർശിപ്പിക്കപ്പെടുക. ഇവിഎസ്ഐഡി, ടർക്കിഷ് ഹൗസ്വെയേഴ്സ് മാനുഫാക്ചറേഴ്സ് ആൻഡ് എക്സ്പോർട്ടേഴ്സ് അസ്സോസ്സിയേഷൻ എന്നിവയിലൂടെ ഇവ പ്രദർശനത്തിനെത്തുന്നത്. കഴിഞ്ഞ വർഷത്തെ ധനാത്മകമായ ഫലങ്ങൾ എച്ച്ജിഎച്ച് ഇൻഡ്യ 2018-ൽ കൂടുതൽ ടർക്കിഷ് കമ്പനികളുടെ പങ്കാളിത്തത്തിലേക്ക് നയിച്ചിട്ടുണ്ട്. കിച്ചൻവെയർ ആൻഡ് ബാത്റൂം അക്സെസറീസ് എന്നിവയുമായി ലക്സ് പ്ലാസ്റ്റിക്, സ്റ്റോറേജ്, കിച്ചൻവെയർ എന്നിവയുമായി ടിറ്റിയാസ് പ്ലാസ്റ്റിക്, കിച്ചൻ സ്റ്റോറേജ്, പാത്രങ്ങൾ, റാക്കുകൾ എന്നിവയുമായി മിസ് കളക്ഷൻ, ബാത്റൂം എസ്സൻഷ്യലുകളും ഡസ്ബിനുകൾ എന്നിവയുമായി യൂർളർ പ്ലാസ്റ്റിക് തുടങ്ങിയവർ വിശാലമായ സ്ഥലത്ത് പ്രദർശനത്തിൽ അണി നിരക്കുന്നുണ്ട്.

ഇതാദ്യമായി നിരവധി ടർക്കിഷ് പ്രദർശകർ ഇതിൽ പങ്കെടുക്കുന്നുണ്ട്. അവരിൽ, ഇവിഎസ്ഐഡി-യിലൂടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നവരിൽ, ഓയിൽ ഡിസ്പെൻസർ, കുപ്പികൾ, ടേബിൾ ബൗളുകൾ, സോൾട്ട് ആൻഡ് പെപ്പർ ഡിസ്പെൻസർ, ബ്രെഡ് ബോക്സുകൾ തുടങ്ങിയ അക്രിലിക്, ഗ്ലാസ് ടേബിൾവെയർ എന്നിവയുമായി സോൾമേസർ; പ്ലാസ്റ്റിക്കിലും ഗ്ലാസിലുമുള്ള കിച്ചൺ സ്റ്റോറേജ്, കിച്ചൺ യൂട്ടിലിറ്റികൾ, ടേബിൾവെയർ എന്നിവയുമായി റെൻഗ; ഡെക്കറേറ്റീവ് ഫർണിഷിംഗുമായി ആയ്ഡിൻ; ഡെക്കറേറ്റീവ് ഗ്ലാസ്വെയറുമായി ഡെക്കോർ കാം; ടേബിൾ ലിനനുമായി ഓങ്കു; കിച്ചൺ ഓർഗനൈസറും ശിശുത്തൊട്ടിലും അയണിംഗ് ബോർഡുകളും മറ്റ് വീട്ടുപകരണങ്ങ-ളുമായി ഡോഗ്രൂളർ തുടങ്ങിയവർ ഇൻഡ്യൻ റീട്ടെയ്ലർമാർക്കും ഇറക്കുമതിക്കാർക്കും കൂടുതൽ ആവേശമുണർത്തിക്കൊണ്ട് എച്ച്ജിഎച്ച് ഇൻഡ്യ 2018-ൽ ചേരുന്നുണ്ടായിരിക്കും.

അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ചി-ട്ടുള്ള കോർക്മാസ് എന്ന സ്ഥാപനം അവരുടെ കുക്ക്വെയർ, കിച്ചൺവെയർ, ടേബിൾവെയർ ഉൽപ്പന്ന ശ്രേണി നേരിട്ട് പ്രദർശനത്തിനെത്തിക്കും.

# പ്രദർശനസ്ഥലത്തെ രജിസ്ട്രേഷനായി എല്ലാ സന്ദർശകരും പണം നൽകേണ്ടതാണ്.

ഈ എഡിഷൻ മുതൽ, ബിസിനസ് നടത്തുന്നതിനുള്ള ഉദ്ദേശ്യത്തോടെയല്ലാതെ എത്തുന്ന സന്ദർശകരെ നിരുത്സാഹപ്പെടുത്തുന്നതിനും യഥാർത്ഥത്തിൽ ബിസിനസ് നടത്തുന്നതിനായി സന്ദർശനത്തിനെത്തുന്നവരുടെ സമയവും യത്നവും ലാഭിക്കുന്നതിനുമായി, പ്രവേശനം സൗജന്യമായി നേടുന്നതിന് ആഗ്രഹിക്കുന്നവർക്ക് എച്ച്ജിഎച്ച് ഇൻഡ്യ സന്ദർശക രജിസ്ട്രേഷൻ സംവിധാനം പൂർണ്ണമായും ഓൺലൈൻ ആക്കിത്തീർത്തിട്ടുണ്ട്. പ്രദർശകരിൽ നിന്നോ സംഘാടകരിൽ നിന്നോ ഔദ്യോഗിക ക്ഷണക്കത്ത് കൈവശമുണ്ടെങ്കിൽപ്പോലും, ഈ വർഷം മുതൽ പ്രദർശന സ്ഥലത്ത് വെച്ച് സൗജന്യമായി രജിസ്ട്രേഷൻ നടത്തുന്നതിന് സന്ദർശകരെ അനുവദിക്കുന്നതല്ല. ഈ കാർഡുകളിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതു പോലെ സന്ദർശകർ ജൂൺ 15-ന് മുൻപായി ഓൺലൈനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഹൗസ്‌വെയർ ഗിഫ്റ്റ് ഉൽപ്പന്നങ്ങൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ട റീട്ടെയ്‌ലർമാരും ഹോൾസെയിലർമാരും വിതരണക്കാരും ഇറക്കുമതിക്കാരും വ്യാപാരികളും ബ്രാൻഡുകളും നിർമ്മാതാക്കളും ഡിസൈനർമാരും വാസ്തുശിൽപ്പികളും ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഓഫീസുകളും പ്രൊഫഷണലുകളും ഈ പ്രദർശനത്തിലേക്ക് സൗജന്യമായി പ്രവേശനം നേടുന്നതിന് അർഹരായിരിക്കും. ഇതിനായി, ഒരു സന്ദർശകൻ ജൂൺ 15-ന് മുൻപായി www.hgindia.com-ൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സന്ദർശന രജിസ്ട്രേഷൻ എന്ന ലിങ്കിൽ അവർ ക്ലിക്ക് ചെയ്യേണ്ടതും വെബ്സൈറ്റിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പടികൾ ചെയ്യേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള വൈഷമ്യം നേരിടുന്നുവെങ്കിൽ, visitors@hgindia.com എന്ന ഇമെയിൽ വിലാസത്തിൽ എഴുതുകയോ ശ്രീ. അമർ ശർമ്മയുമായി ടെലി.: +91 22 24214111 എന്ന ടെലിഫോൺ നമ്പരിൽ അല്ലെങ്കിൽ മൊബൈൽ നമ്പർ +91 93 21475882-ൽ ബന്ധപ്പെടുകയോ ചെയ്യുക.

മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സന്ദർശകരും, എച്ച്ജിഎച്ച് ഇൻഡ്യ പ്രദർശന സ്ഥലത്തെ പ്രീ-രജിസ്റ്റേർഡ് സന്ദർശകർ എന്ന കൗണ്ടറിലെത്തുകയും ക്യുആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെയോ അവരുടെ എച്ച്ജിഎച്ച് ഓഫീസിൽ നിന്ന് എസ്എംഎസ് വഴിയും ഇ-മെയിൽ വഴിയും ലഭിച്ചിട്ടുള്ള റഫറൻസ് നമ്പർ രേഖപ്പെടുത്തുന്നതിലൂടെയോ, അവരുടെ പ്രവേശന കാർഡ് സൗജന്യമായി പ്രിന്റ് ചെയ്യേണ്ടതുമാണ്.


എന്നാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രദർശന സ്ഥലത്ത് എത്തിച്ചേരുന്ന മറ്റെല്ലാ സന്ദർശകർക്കും പ്രതി സന്ദർശകന് 1,000/- നിരക്കിലുള്ള ഫീസ് നൽകേണ്ടി വരും. ഇത് പണമായോ ക്രെഡിറ്റ് കാർഡായോ ഡെബിറ്റ് കാർഡായോ പേടിഎം വഴിയോ അടയ്ക്കാവുന്നതാണ്.




## വാണിജ്യ സന്ദർശകരേ!

## ജൂൺ 15, 2018-ന് മുൻപായി ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും പ്രവേശന ഫീസിൽ ₹1,000 ലാഭിക്കുകയും ചെയ്യൂ.

എച്ച്ജിഎച്ച് 2018 മുംബൈയിൽ 2018 ജൂലൈ 3 മുതൽ 5 വരെ നടത്തുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്നു. നൂതനങ്ങളായ, ഉയർന്ന ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ 550 ബ്രാൻഡുകളിൽ നിന്നും നിർമ്മാതാക്കളിൽ നിന്നുമായി... 2018-19-ലെ ഫാഷൻ പ്രവണതകളും ജീവിതശൈലീ വ്യതിയാനങ്ങളും മുൻകൂട്ടി അറിഞ്ഞ്, രൂപകൽപ്പന നടത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ. ബിസിനസിൽ നിങ്ങളുടെ എതിരാളികൾ നേടിയെടുക്കുന്നതിന് മുൻപായി അവ നിങ്ങളുടെ സ്റ്റോക്കിലെത്തിക്കൂ.




**ഹോം ഡെക്കോർ** സീലിംഗ് വോളുകൾ, ജനാലകൾ, തറകൾ, ഡെക്കൊറേറ്റീവ് അനുബന്ധയിനങ്ങൾ, ലൈഫ്സ്റ്റൈൽസ്
**ഹോം ടെക്സ്റ്റൈൽസ് സ്ലീപിംഗ്**, ബാത്, ടേബിൾ ആൻഡ് കിച്ചൺ, ലിവിംഗ്, നിലം, ഫർണിഷിംഗ്, ഡെക്കോർ. **ഗിഫ്റ്റ്സ്** കോർപ്പറേറ്റ്, പേഴ്സണൽ, ഫെസ്റ്റീവ്
ഹൗസ്‌വെയർ കുക്ക്‌വെയർ, കിച്ചൺ അപ്ലയൻസസ്, ടേബിൾവെയർ, ബാത്റൂം, മെയിന്റനെൻസ്, ക്ലീനിംഗ്, സ്റ്റോറേജ്, ഔട്ട്ഡോർ

### പ്രത്യേകമായ നേട്ടങ്ങൾ ആസ്വദിക്കാം

- എച്ച്ജിഎച്ച് ഇൻഡ്യയിൽ നിന്നും സൗജന്യ ഉപഹാരം
- ഒരു മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഒരു സന്ദർശകൻ എന്ന നിലയിൽ പ്രദർശന സ്ഥലത്ത് ബാഡ്ജ് നേടുന്നതിലുള്ള സമയം ലാഭിക്കുക. ഓൺലൈൻ രജിസ്ട്രേഷന് ശേഷം നിങ്ങൾക്ക് ലഭിക്കുന്ന ക്യുആർ കോഡിൽ നിന്ന് നിങ്ങളുടെ ബാഡ്ജ് നേരിട്ട് പ്രിന്റ് ചെയ്യാവുന്നതാണ്.
- എച്ച്ജിഎച്ച് ഇൻഡ്യ 2018 ക്യാറ്റലോഗിന്റെ പ്രതി സൗജന്യമായി ലഭിക്കുന്നു.
- അംഗീകൃത സന്ദർശകർക്ക് എച്ച്ജിഎച്ച് ഇൻഡ്യ ഉപഹാരമായി നൽകുന്ന ഹോട്ട് ലൗഞ്ച്, ഫ്രൂട്ട് ലൗഞ്ച്, ഐസ് ക്രീം ലൗഞ്ച്, പോപ് കോൺ ലൗഞ്ച്, ഷട്ടിൽ ബസ് സർവ്വീസ് എന്നിവയും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ കഴിയുന്നു.

ഈ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും പ്രദർശന സ്ഥലത്തെ രജിസ്ട്രേഷനായി പണം നൽകുന്നത് ലാഭിക്കുന്നതിനുമായി, ജൂൺ 15, 2018-ന് മുൻപായി www.hgindia.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### സൗജന്യ സന്ദർശക രജിസ്ട്രേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

- പ്രവേശനം സൗജന്യമായി ലഭിക്കുക www.hgindia.com-ൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമായിരിക്കും.
- ക്ഷണിക്കപ്പെട്ട സന്ദർശകരാണെങ്കിലും, ഓൺലൈനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാത്ത പക്ഷം, പ്രദർശന സ്ഥലത്ത് വെച്ച് സൗജന്യമായി രജിസ്ട്രേഷൻ നടത്തുന്നതിന് അനുവദിക്കുന്നതല്ല.
- ഓൺലൈൻ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ പ്രദർശന സ്ഥലത്ത് എത്തിച്ചേരുന്ന മറ്റെല്ലാ സന്ദർശകർക്കും പ്രതി സന്ദർശകന് ₹1,000/- എന്ന നിരക്കിലുള്ള ഫീസ് നൽകേണ്ടി വരും.
- ഓൺലൈൻ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി ജൂൺ 15, 2018 ആയിരിക്കും.

### സൗജന്യ പ്രവേശനത്തിനുള്ള പടികൾ

1. ഞങ്ങളുടെ വെബ്സൈറ്റ് www.hgindia.com സന്ദർശിക്കുക.
2. ഹോം പേജിലെ 'വിസിറ്റർ രജിസ്ട്രേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
3. ഓൺലൈൻ വിസിറ്റർ രജിസ്ട്രേഷൻ ഫോറം പൂരിപ്പിക്കുക.
4. വിസിറ്റർ രജിസ്ട്രേഷൻ നമ്പറും ക്യുആർ കോഡും എസ്എംഎസ് വഴിയും ഇ-മെയിൽ വഴിയും നേടുക. ഇത് നിങ്ങളുടെ വിസിറ്റർ രജിസ്ട്രേഷൻ സ്ഥിരീകരിക്കും.
5. നിങ്ങളുടെ മൊബൈലിൽ നിങ്ങളുടെ രജിസ്ട്രേഷൻ നമ്പറും ക്യുആർ കോഡും സൂക്ഷിക്കുകയോ അത് പ്രിന്റ് ചെയ്യുകയോ ചെയ്യുക.
6. ഹാൾ 1-ലെ അല്ലെങ്കിൽ ഹാൾ 3-ലെ പ്രീ-രജിസ്ട്രേർഡ് കൗണ്ടറിൽ നിങ്ങളുടെ രജിസ്ട്രേഷൻ നമ്പർ നൽകുകയോ ക്യുആർ കോഡ് സ്കാൻ ചെയ്യുകയോ ചെയ്യുന്നതിലൂടെ നിങ്ങളുടെ ബാഡ്ജ് നിങ്ങൾക്ക് സൗജന്യമായി പ്രിന്റ് ചെയ്യാവുന്നതാണ്.

### പ്രധാനപ്പെട്ട കുറിപ്പുകൾ

1) പ്രവേശന ബാഡ്ജ് എച്ച്ജിഎച്ച് ഇൻഡ്യയിലേക്ക് സൗജന്യമായ പ്രവേശനത്തിനുള്ള നിങ്ങഖ വ്യക്തിഗത അവകാശം നൽകുന്നതാണ്. അത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാകുന്നു.
2) മുൻ വർഷങ്ങളിൽ നിങ്ങൾ എച്ച്ജിഎച്ച് ഇൻഡ്യയിലെ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സന്ദർശകനാണെങ്കിൽ, സംഘാടകരിൽ നിന്ന് റഫറൻസ് നമ്പർ നേടുകയും ഓൺലൈനായി എച്ച്ജിഎച്ച് ഇൻഡ്യ 2018-നു വേണ്ടി നിങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനായി അത് ഉപയോഗിക്കുകയും ചെയ്യുക.
3) എച്ച്ജിഎച്ച് ഇൻഡ്യ 2018-ലേക്കുള്ള സൗജന്യ രജിസ്ട്രേഷനായി മുൻവർഷങ്ങളിലെ എല്ലാ സന്ദർശകരും രജിസ്ട്രേഷൻ പുതുക്കേണ്ടത് നിർബന്ധിതമാണ്. പുതുക്കുന്നില്ലാത്തപക്ഷം, പ്രദർശന സ്ഥലത്തുള്ള രജിസ്ട്രേഷനു വേണ്ടി രൂ. 1,000/- ഈടാക്കപ്പെടും.
4) എച്ച്ജിഎച്ച് ഇൻഡ്യ കർശനമായും ഒരു വാണിജ്യ പ്രദർശനമാണ്. അതിനാൽ ഉപയോക്താക്കൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല. റീട്ടെയ്ൽ പർച്ചേസ് അനുവദിക്കപ്പെടുന്നതല്ല. ഒരു സന്ദർശകൻ എന്ന നിലിയിൽ റീട്ടെയ്‌ലായി ഉൽപ്പന്നങ്ങൾ വാങ്ങുന്നതായി കണ്ടെത്തിയാൽ, നിങ്ങളെ പ്രദർശനത്തിൽ നിന്ന് അയോഗ്യനാക്കുന്നതാണ്.
5) 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.
6) ഒരു സന്ദർശകന് സ്വന്തം വിവേചനാധികാരത്തിൽ മാത്രം പ്രവേശനം നിഷേധിക്കുന്നതിനുള്ള അവകാശം സംഘാടകർ സൂക്ഷിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്കും സഹായത്തിനുമായി ദയവായി ബന്ധപ്പെടുക:**
മുംബൈ: ടെലി.: +91 (22) 24214111 ഫാക്സ്: +91 (22) 2421 4116 ഡൽഹി: +91 11 25714111 ഫാക്സ്: +91 (11) 25714116
അമർ ശർമ്മയുമായി മൊബൈൽ നമ്പർ +91 9967600296 /നികേത് സക്സാറിയ : മൊബൈൽ +91 99 301 72073. ഇ-മെയിൽ: info@hgindia.com